**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2935** **10-03-2025 - ൽ മറുപടിയ്ക്ക്**

**മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | **മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ അടങ്കൽ തുക 307 ലക്ഷം രൂപയാണ്. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| (ബി) | പദ്ധതിയുടെ സിവിൽ വിഭാഗം പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സം നേരിടുന്നുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | **പദ്ധതിയുടെ സിവിൽ വിഭാഗം പ്രവൃത്തിക്കായി നാലാമത്തെ തവണ റീടെണ്ടർ നടത്തിയതിൽ ഒരാൾ മാത്രമാണ് പങ്കെടുത്തത്. ആയതിന്റെ Quoted തുക estimate PAC യേക്കാളും 38.19% അധികമായതിനാൽ (tender excess) ആയത് അംഗീകരിക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ടെണ്ടറിന് അംഗീകാരം നൽകി കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെടുകയും പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്യുന്നതു മുതൽ ഒരു വർഷ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.** |
| (സി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (സി) | **മറുപടി (ബി) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - supply, erection and commissioning of motors, pumps and vacuum pumps (Mechanical civil and Electrical works)-പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജലവിഭവ (എം.ഐ) വകുപ്പ്

സ.ഉ.(സാധാ) നം.923/2023/WRD തീയതി,തിരുവനന്തപുരം, 10-11-2023

---

പരാമർശം:-

1. ഇറിഗേഷൻ പ്രോജക്റ്റ്-1, ചീഫ് എഞ്ചിനീയറുടെ കാര്യാലയ ത്തിലെ 20/03/2020 തീയതിയിലെ Wp4-6232/cpp/MLIS/ 2019 നമ്പർ ഉത്തരവ്
2. സ.ഉ (സാധാ) നം.233/2022/ജവിവ, തിരുവനന്തപുരം തീയതി 24/03/2022
3. സർക്കുലർ നം.79/2022/ധന തിരുവനന്തപുരം തീയതി 15/09/2022
4. ഇറിഗേഷൻ പ്രോജക്റ്റ്-1 ചീഫ് എഞ്ചിനീയറുടെ 02/08/2023 തീയതിയിലെ WP4-6232/CPP/MLIS/2019 നമ്പർ കത്ത്

**ഉത്തരവ്**

ചിറ്റൂർ പുഴ പ്രോജക്റ്റിന്റെ മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കുന്നതിനായി "Supply, Erection and Commissioning of Motors, Pumps and Vacuum Pumps for Meenakshipuram Lift Irrigation Scheme-Mechanical, Electrical and Civil Works" എന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) പ്രകാരം 4700-17-Chittoorpuzha-800-90-Distribution എന്ന ശീർഷകത്തിൽ 2019-2020 സാമ്പത്തിക വർഷത്തിൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു.

എന്നാൽ ഭാവിയിൽ സുഗമമായ ജലവിതരണത്തിന് ഈ രീതി പര്യാപ്തമാവില്ല എന്നും അമിതമായ വൈദ്യുതിനിരക്ക് ഉണ്ടാവാനുള്ള സാധ്യത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഉണ്ടാവാനിടയുള്ള ആയക്കെട്ടിലെ വർദ്ധനവ്, കനാലിലൂടെ ജലമൊഴുക്കുമ്പോൾ ഉണ്ടാവുന്ന ജലനഷ്ടം എന്നിവ കൂടി കണക്കിലെടുത്തുകൊണ്ട് ഒരു ദിവസം 25% അധികജലം ലഭിക്കുന്ന രീതിയിൽ മോട്ടോറും പമ്പും റീഡിസൈൻ ചെയ്യുന്നതിനും ജലഉറവിടം മുതൽ കൃഷിസ്ഥലം വരെ ഒരു സ്റ്റേജ് പമ്പിങ്ങ് ആക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് DSR 2018 പ്രകാരമുള്ള 288 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സമർപ്പിക്കുകയും അതിൻറെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം, മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 288 ലക്ഷം രൂപ 4700-17-chittoorpuzha-800-90-Distribution എന്ന ശീർഷകത്തിൽ അനുവദിച്ചുകൊണ്ട് പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തുകയിൽ പ്രവൃത്തികൾക്കുള്ള തുകയോടൊപ്പം 12% ജി.എസ്.ടി ആണ് ഉൾക്കൊള്ളിച്ചിരുന്നത്.

പരാമർശം (3) പ്രകാരം ജി.എസ്.ടി 18% ആയി ഉയർന്ന സാഹചര്യത്തിൽ ജി.എസ്.ടിയിലെ വർദ്ധനവ് കൂടി പരിഗണിച്ചുകൊണ്ട് 307 ലക്ഷം രൂപ അടങ്കൽ തുക വരുന്ന

മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ എസ്റ്റിമേറ്റ്, 4700-17-chittoorpuzha-800-90-Distribution എന്ന ശീർഷകത്തിൽ 307 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിനായി ഇറിഗേഷൻ പ്രോജക്ട് 1 ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടെക്നിക്കൽ സാങ്ഷൻ നൽകുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണെന്ന വ്യവസ്ഥക്ക് വിധേയമായി മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കുന്നതിനായി "Supply, Erection and Commissioning of Motors, Pumps and Vacuum Pumps for Meenakshipuram Lift Irrigation Scheme-Mechanical, Electrical and Civil Works" എന്ന പ്രവൃത്തിയ്ക്ക് 4700-17-chittoorpuzha-800-90 Distribution എന്ന ശീർഷകത്തിൽ 307 ലക്ഷം (മുന്നൂറ്റി ഏഴ് ലക്ഷം) രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. **The Technical Sanction authority may ensure the technical feasibility, including the capacity of the pumps and motor to deliver a discharge of 2 crore liters per day.**

2. **Items that can be recouped including scraps, shall be properly accounted and disposed of following the guidelines.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA K

ജോയിന്റ് സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും ), തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ.ഇ /ആഡിറ്റ്) കേരളം, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (നം. I&PW-B3/40/2021-FIN dtd 16/10/2023)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പിന്
5. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sd/—

സെക്ഷൻ ഓഫീസർ

Sandhya

സെക്ഷൻ ഓഫീസർ